തൊഴിൽസമരങ്ങളിൽ ഇടപെട്ടു എന്നതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥൻമാരുടെമേൽ എടുത്ത നടപടി

639 [928] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെട്ടതിന്റെ പേരിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിയ്ക്കുന്നില്ല.

സ്കൂട്ടർ, മോട്ടോർസൈക്കിൾ സവാരിക്കാർക്ക് ഹെൽമെറ്റ്

640 [929] ശ്രീ. പി. ബി. ആർ. പിള്ള:

ശ്രീ. എം. കെ. കേശവൻ:

ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്കൂട്ടർ, മോട്ടോർസൈക്കിൾ യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധിതമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചില ഹെൽമെറ്റ് നിർമ്മാണക്കമ്പനികളുടെ സമ്മർദ്ദം കൊണ്ടാണ് ഹെൽമെറ്റ് ധരിക്കുന്നത് നിർബന്ധിതമാക്കുന്നതെന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) 1979 മാർച്ച് മാസം 15-ാം തിയ്യതി മുതൽ സ്കൂട്ടർ സവാരിക്കാർക്ക് ഹെൽമെറ്റ് നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഹെൽമെറ്റ് മാർക്കറ്റിൽ ദുർല്ലഭമാണെന്ന കാര്യം പരിഗണിച്ചും ഹെൽമെറ്റിന്റെ അടുത്ത കാലത്ത് ഉണ്ടായ ക്രമാതീതമായ വിലവർദ്ധനവ് പരിഗണിച്ചും മാർച്ച് 15 എന്നുള്ളത് കുറേ നാളത്തേയ്ക്കുകൂടി നീട്ടികൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പില്ല്യൻ റൈഡറായ സ്ത്രീകളെ ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly